**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5778** **08-11-2021 - ൽ മറുപടിയ്ക്ക്**

**പ്രളയത്തിൽ തകർന്ന വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച ഇടത്തരം, ചെറുകിട, മൈക്രോ വ്യവസായ സംരംഭങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ 91 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലായി യന്ത്രങ്ങൾക്ക് 2,41,80,000/- രൂപയുടെയും സാധന സാമഗ്രികൾക്ക് 4,41,500/- രൂപയുടെയും അസംസ്കൃത വസ്തുക്കൾക്ക് 55,00,000/- രൂപയുടെയും കെട്ടിടങ്ങൾക്ക് 19,00,000/-രൂപയുടെയും ഉൾപ്പെടെ ആകെ 3,20,21,500/- രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | പ്രളയത്തെ തുടർന്നുണ്ടായ നഷ്ടത്തിൽ നിന്ന് കരകയറുന്നതിനായി സംരംഭകർക്ക് പലിശ ഇളവ് ഉൾപ്പെടെയുള്ള പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രളയത്തെ തുടർന്നുണ്ടായ നഷ്ടത്തിൽ നിന്ന് കരകയറുന്നതിനായി സംരംഭകർക്ക് പലിശ ഇളവ് ഉൾപ്പെടെയുള്ള പാക്കേജ് നടപ്പിലാക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായി തീർന്നതുമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതിലേക്കായി ചുവടെ പറയുന്ന രണ്ട് പ്രത്യേക പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പിലാക്കി വരുന്നുണ്ട്. a. The Kerala stressed MSMEs Revival & Rehabilitation Scheme തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദന രഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതിയാണ് The Kerala Stressed MSMEs Revival & Rehabilitation Scheme. b.Revival and rehabilitation scheme for defunct MSMEs and cashew processing units കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തന |

| | | | |
|---|---|---|---|
| | | | രഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് Revival and rehabilitation scheme for defunct MSMEs and cashew processing units. |
| (സി) | മഴക്കെടുതിയിൽ തകർന്ന യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനാവശ്യമായ വായ്പാ സഹായ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രളയത്തെ തുടർന്നുണ്ടായ നഷ്ടത്തിൽ നിന്ന് കരകയറുന്നതിനായി സംരംഭകർക്ക് പലിശ ഇളവ് ഉൾപ്പെടെയുള്ള പാക്കേജ് നടപ്പിലാക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായി തീർന്നതുമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ മൂലധന ഗ്രാന്റുകളുടെയും പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതിലേക്കായി ചുവടെ പറയുന്ന രണ്ട് പ്രത്യേക പദ്ധതികൾ വ്യവസായ വകുപ്പുവഴി നടപ്പിലാക്കി വരുന്നുണ്ട്. a. The Kerala stressed MSMEs Revival & Rehabilitation Scheme തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദന രഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതിയാണ് The Kerala Stressed MSMEs Revival & Rehabilitation Scheme. b.Revival and rehabilitation scheme for defunct MSMEs and cashew processing units കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തന രഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് Revival and rehabilitation scheme for defunct MSMEs and cashew processing units. |

സെക്ഷൻ ഓഫീസർ